LIBRARY ARCHIVES Kerala Legislative Assembly

**ഗതാഗത വകുപ്പിൽ ഇ-പേമെന്റ് സംവിധാനം**

287 (2031) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) അഴിമതി തടയുക, സുതാര്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക, നികുതി സർക്കാർ ഹെഡ്ഡിൽ ഒടുക്കുക അതിലൂടെ കാലതാമസം കുറയ്ക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ആവശ്യമായ അനുമതികളും നിർദ്ദേശങ്ങളും സമയാസമയം ലഭ്യമാക്കിയിട്ടുണ്ട്.

**മാവേലിക്കര കെ. എസ്. ആർ. ടി. സി. ഡിപ്പോ**

288 (2032) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് ഓഫീസും വ്യാപാര സമുച്ചയവുമടങ്ങുന്ന കെട്ടിടത്തിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പദ്ധതിക്കായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് കെ. എസ്. ആർ.ടി.സി.-യിൽ നിന്നും സമർപ്പിക്കുകയുണ്ടായി. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തൊട്ടിൽപ്പാലം ഡിപ്പോയ്ക്ക് ഡീസൽ പമ്പ്**

289 (2033) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് ഡീസൽപമ്പ് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഡീസൽ പമ്പ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഡീസൽ പമ്പ് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഡീസൽ പമ്പ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രാഥമിക അംഗീകാരത്തിനായി ജോയിന്റ് കൺട്രോളർ ഓഫ് എസ്റ്റ്പ്ലോസീവ്സ്, ചെന്നൈയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡീസൽ പമ്പ് നിർമ്മിക്കുന്നതാണ്.

**ആർ. ടി. ഓഫീസുകളിലെ ഏജന്റുമാർ**

290 (2034) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

•(എ) ആർ.ടി. ഓഫീസുകളിൽ ഏജന്റുമാരെ പ്രവേശിപ്പിക്കരുതെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പറും തീയതിയും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly